STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.290/PR/SPMC/PHQ/2025 Date: 22.09.2025

# ക്രമസമാധാനപാലനം മാത്രമല്ല സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പാക്കുന്നതിലും കേരള പോലീസ് മുന്നിൽ : മുഖ്യമന്ത്രി

ക്രമസമാധാനപാലനം മാത്രമല്ല നല്ല സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാൻ പ്രാപ്തമായ പദ്ധതികൾ ഏറ്റെടുത്തു വിജയിപ്പിക്കാൻ കേരള പൊലീസിനു കഴിയും എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ് ഹോപ്പ്, എസ്.പി.സി പദ്ധതികളുടെ വിജയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സംസ്ഥാന പോലീസിന്റെ സോഷ്യൽ പൊലീസിംഗ് വിഭാഗത്തിൽ ഉൾപ്പെട്ട സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെയും (എസ്.പി.സി) ഹെൽപ്പിംഗ് അതേർസ് പ്രൊമോട്ട് എഡ്യൂക്കേഷന്റെയും (ഹോപ്പ് ) പൂർവ്വവിദ്യാർഥികളുടെ ദ്വിദിന സംയുക്തസംഗമം തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജ് മൈൻഡ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹം പലപ്പോഴും പരാജയപെട്ടവരെന്നു വിധിയെഴുതിയവരെ ചേർത്തുപിടിച്ചു അവർക്കു പുതുജീവിതം നൽകിയ പ്രവർത്തിയാണ് ഹോപ്പ് പദ്ധതിയിലൂടെ കേരള പോലീസ് നടപ്പാക്കിയിട്ടുള്ളത്. എസ്.പി.സി പദ്ധതിയിലൂടെ പുതുതലമുറയെ ഉത്തരവാദിത്തബോധമുള്ള പൗരന്മാരായി മാറ്റുക എന്ന കർത്തവ്യമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര പോലീസ് & ഫയർ ഗെയിംസിൽ പങ്കെടുത്തു ജേതാക്കളായ കേരള പൊലീസിലെ ഒൻപതു സേനാഗങ്ങൾക്കും ചടങ്ങിൽ മുഖ്യമന്ത്രി പുരസ്‌കാരങ്ങൾ വിതരണം ചെയ്തു.

പൂർവവിദ്യാർഥി സംഗമത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള 379 പേരാണ് പങ്കെടുക്കുന്നത്.

പഠനം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയോ പരീക്ഷയിൽ പരാജയം സംഭവിക്കുകയോ ചെയ്ത 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ഔപചാരിക വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനും പൊതുപരീക്ഷകളിൽ വിജയിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് സോഷ്യൽ

പോലീസിംഗ് ഡിവിഷനു കീഴിൽ 2017 ൽ ആരംഭിച്ച നൂതന പദ്ധതിയാണ് പ്രോജക്ട് ഹോപ്പ്.

2024-2025 അദ്ധ്യായന വർഷം സംസ്ഥാന വ്യാപകമായി 1426 വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഭാഗമായി പഠനം പുനരാരംഭിച്ചിട്ടുള്ളതാണ്. 2025-2026 വർഷം നാളിതുവരെ ആകെ 1067 വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ഈ പദ്ധതിയിലൂടെ 4364 കുട്ടികൾക്ക് പരീക്ഷാവിജയം നേടിക്കൊടുത്ത് മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരാൻ കേരള പോലീസിന് സാധിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ ഭാവിവാഗ്ദാനങ്ങളായ വിദ്യാർത്ഥി സമൂഹത്തെ പൗരബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള പ്രത്യാശയുള്ള ഒരു യുവജനതയായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2010 ആഗസ്റ്റ് 2 ന് ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് 15-)ം വയസ്സിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. പിന്നിട്ട നാൾവഴിയിൽ നിരവധി അഭിമാന നേട്ടങ്ങൾ കൈവരിച്ച ഈ പദ്ധതി രാജ്യത്തെ സ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ വിദ്യാർത്ഥി നവീകരണ പ്രസ്ഥാനമായി വളർന്നു കഴിഞ്ഞിട്ടുള്ളതാണ്. കേരള പോലീസും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി എക്സൈസ്, തദ്ദേശ സ്വയം ഭരണം, വനം, ഗതാഗതം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്റ്റൂഡന്റ് പോലീസ് കേഡറ്റ്.

2016ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 431 സ്കൂളുകളിൽ മാത്രമായിരുന്നു നടപ്പിലാക്കി വന്നിരുന്നത്. ഈ അധ്യായന വർഷം 70 പുതിയ സ്കൂളുകളിൽ കൂടി എസ്.പി സി പദ്ധതി ആരംഭിച്ചത് ഉൾപ്പെടെ 1048 സ്കൂളുകളിൽ ഈ പദ്ധതി നടത്തി വരുന്നു.

സംസ്ഥാന പോലീസ് മേധാവി റവാഡ എ ചന്ദ്ര ശേഖർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്. ശ്രീജിത്ത്, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എച്ച്. വെങ്കടേഷ്, രഹസ്യാന്വേഷണ വിഭാഗം എ.ഡി.ജി.പി പി. വിജയൻ, പരിശീലന വിഭാഗം ഐ.ജി ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും സോഷ്യൽ പോലീസിംഗ് ഡയറക്ടറുമായ എസ്. അജീത ബീഗം, യൂണിസെഫ് സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് (ചൈൽഡ് പ്രൊട്ടക്ഷൻ) ജി. കുമരേശൻ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, ഹോപ്പ്, എസ്.പി.സി പദ്ധതികളിൽ നിന്നുള്ള പൂർവ്വവിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

***************************